**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **11-10-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിക്കുക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി അവർക്ക് സാമൂഹ്യനീതി ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അതിനു പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്.സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലൂടെ ന്യൂനപക്ഷ ശാക്തീകരണം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന **ന്യൂനപക്ഷ വികസന ധനകാര്യ** കോർപ്പറേഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. നാളിതുവരെ 6300 ഗുണഭോക്താക്കൾക്കായി 250 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | **സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പ പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**1.സ്വയംതൊഴിൽ വായ്പ (NMDFC)**<br><br>**2.വിദ്യാഭ്യാസ വായ്പ (NMDFC)**<br><br>**3.മൈക്രോ ഫിനാൻസ് (NMDFC)**<br><br>**4.സ്വയംതൊഴിൽ വായ്പ (KSMDFC)**<br><br>**5.ബിസിനസ്സ് വിപുലീകരണ വായ്പ**<br><br>**6.പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)**<br><br>**7.പ്രവാസി സ്വയംതൊഴിൽ വായ്പ**<br><br>**8.വിസ വായ്പ**<br><br>**9.ഭവന വായ്പ**<br><br>**10.ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശം)** |

| | | | |
|---|---|---|---|
| | | | **11.മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ**<br><br>**12.ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ**<br><br>**13.വിവാഹ വായ്പ**<br><br>**14.ചികിത്സാ വായ്പ**<br><br>**സംസ്ഥാനത്തെ പൊതു മേഖല ബാങ്കുകൾ, മറ്റു അംഗീകൃത സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന വായ്പ പദ്ധതികൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷൻ വളരെ കുറഞ്ഞ പലിശ നിരക്കിലാണ് ഈ വായ്പകൾ നൽകി വരുന്നത്.**<br><br>**പ്രസ്തുത വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിരന്തരമായി ഇടപെടുന്നുണ്ട്.** |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ? | (സി) | **സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പ പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**1.സ്വയംതൊഴിൽ വായ്പ (NMDFC)**<br><br>**2.വിദ്യാഭ്യാസ വായ്പ (NMDFC)**<br><br>**3.മൈക്രോ ഫിനാൻസ് (NMDFC)**<br><br>**4.സ്വയംതൊഴിൽ വായ്പ (KSMDFC)**<br><br>**5.ബിസിനസ്സ് വിപുലീകരണ വായ്പ**<br><br>**6.പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)**<br><br>**7.പ്രവാസി സ്വയംതൊഴിൽ വായ്പ**<br><br>**8.വിസ വായ്പ**<br><br>**9.ഭവന വായ്പ**<br><br>**10.ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശം)**<br><br>**11.മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ**<br><br>**12.ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ** |

| | | | |
|---|---|---|---|
| | | | **13.വിവാഹ വായ്പ**<br><br>**14.ചികിത്സാ വായ്പ**<br><br>**സംസ്ഥാനത്തെ പൊതു മേഖല ബാങ്കുകൾ, മറ്റു അംഗീകൃത സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന വായ്പ പദ്ധതികൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷൻ വളരെ കുറഞ്ഞ പലിശ നിരക്കിലാണ് ഈ വായ്പകൾ നൽകി വരുന്നത്.**<br><br>**പ്രസ്തുത വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിരന്തരമായി ഇടപെടുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ